# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4380 25.06.2019 ൽ മറുപടിക്ക്**

## അരൂർ പാലത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) എറണാകുളം,ആലപ്പുഴ എന്നീ ജില്ലകളെ ബന്ധിപ്പിക്കുന്ന അരൂർ പാലം, അപ്രോച്ച് റോഡിന്റെ കൽക്കെട്ടുകൾ തകർന്നും മേൽത്തട്ടിലെ സ്പാനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പട്ടകൾ നശിച്ചും പാലത്തിന്റെ വശങ്ങളിൽ ആൽമരങ്ങൾ വളർന്നു നിൽക്കുന്നതും കാരണം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 15.11.2017 ൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ പാലങ്ങളുടെ അറ്റകുറ്റപ്പണി, പുനർ നിർമ്മാണം, പുനരുദ്ധാരണം എന്നിവയെ സംബന്ധിച്ച ഒരു അവലോകനം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ ഭരണാനുമതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണം ആവശ്യമായുള്ള 208 പാലങ്ങളിൽ 115 പാലങ്ങൾക്കു വേണ്ട 13.20 കോടി രൂപയുടെ എസ്റ്റിമേറ്റും അവയുടെ പട്ടികയും ഭരണാനുമതിയ്ക്കും പ്രത്യേക അനുമതിക്കുമായി ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിക്കുകയും ഓർഡിനറി റിപ്പയറിനും, വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുമുള്ള പ്രൊപ്പോസലുകൾ പ്രത്യേകമായി സമർപ്പിക്കുന്നതിന് 30.11.2018 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം അനുമതിയ്ക്കായുള്ള പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. |
| ബി) അറുപത് വർഷം പിന്നിടുന്ന പ്രസ്തുത പാലം പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | ബി) സ്വീകരിക്കും. പാലം പുനരുദ്ധരിക്കുവാൻ വേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമായാലുടൻ ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ